റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : നമ്മൾ ഇവിടെ വിതരണം ചെയ്യുന്ന ഭൂമിയെ സംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചു. ഞങ്ങൾ ഇപ്പോൾ വിതരണം ചെയ്ത വനാവകാശ നിയമം പോലെതന്നെ റവന്യുഭൂമി, മിച്ചഭൂമിയായി കിട്ടിയിട്ടുള്ള ഭൂമി, സർക്കാരിന്റെ കയ്യിലുള്ളത് നമുക്ക് പൊതുവായി വിതരണം ചെയ്യാവുന്ന ഭൂമി, ഇവയെല്ലാം ആദിവാസികൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഏറ്റവും അവസാനം ചെങ്ങറ പാക്കേജിൽ 30-ഓളം ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വച്ച് നമ്മൾ കൊടുക്കാൻ തീരുമാനിച്ചു. അതിന് ഒന്നും ഇത് ബാധകമാക്കിയിട്ടില്ല. ആദിവാസികളുടെ അപേക്ഷകൾ അനുസരിച്ച് ഭൂമി വിതരണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽഒരുകാര്യം പ്രതിപക്ഷ നേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മിനിഞ്ഞാന്ന് വിതുരയിലുണ്ടായ സംഭവം ഗൗരവമായിട്ട് നമ്മൾ കാണേണ്ടതാണ്. ഈ വനാവകാശ നിയമം അനുസരിച്ച് ഭൂമി കൊടുക്കുന്നത് തട്ടിപ്പാണെന്നും ആരും ഭൂമി വാങ്ങരുത്, ഫോട്ടോ എടുക്കാനും ഫോട്ടോ പതിക്കാനും അനുവദിക്കരുത്, എന്ന് പറഞ്ഞ് 54 ഓളം പേർ സംഘടിതമായി നടത്തിയ പ്രചരണവും പ്രകടന യോഗവും ഗൗരവത്തോടുകൂടി പ്രതിപക്ഷ നേതാവ് ഉൾപ്പെടെ കാണണം. അത് വനാവകാശ നിയമത്തെയും ആദിവാസി ഭൂമി വിതരണത്തെയും ബോധപൂർവ്വം അട്ടിമറിക്കാൻ നടത്തുന്ന ശ്രമമാണ് എന്നാണ് ഞങ്ങൾക്ക് മനസ്സിലാകുന്നത്. അതിൽ അങ്ങൊന്ന് ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ഒരു സെന്റ് ഭൂമി പോലുമില്ലാത്ത അദിവാസികൾക്ക് മുപ്പതിനായിരം രൂപ വരുമാന പരിധി എന്നുള്ള നിയന്ത്രണം വയ്ക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്. അതിൽ എന്തൊരു നീതിയാണുള്ളത് ? മുഖ്യമന്ത്രി ഇക്കാര്യത്തിലിടപെടണം. കഴിഞ്ഞ ഗവൺമെന്റും വിലയ്ക്ക് വാങ്ങിയ ഭൂമിയാണ്.

മുഖ്യമന്ത്രി(ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കൃാബിനറ്റ് യോഗത്തിൽ ഇത് സംബന്ധിച്ച് ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കാം.

(15) പുറമ്പോക്ക് തോട് നികത്തിയത് സംബന്ധിച്ച്

ശ്രീ. എ. കെ. ചന്ദ്രൻ : സർ, മാള മണ്ഡലത്തിലെ ആലത്തൂർ വില്ലേജിൽ അവങ്ങാട് പാടശേഖരത്തിലുണ്ടായിരുന്ന ഒരു പുറമ്പോക്ക് തോട് ഒരു വ്യക്തി അനധികൃതമായി മണ്ണിട്ട് നികത്തുക്യുണ്ടായി. ഇതുമൂലം പാടശേഖരത്തിലെ അധിക · വെള്ളം ഒഴുകിപ്പോകാനോ കൃഷിക്കാവശ്യമായ വെള്ളം തടഞ്ഞുനിറുത്താനോ കഴിയാത്തതിനാൽ കൃഷി ഇറക്കാൻ കഴിയാതെ കർഷകർ കഷ്ടപ്പെടുകയാണ്. ഈ പാടശേഖരത്തിന്റെ മറുകരയിൽ താമസിച്ചിരുന്ന എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ചില വീട്ടുകാരും കർഷകരും ഗതാഗതം നടത്തിയിരുന്നത് ഈ തോടിന്റെ അരികിലൂടെയായിരുന്നു. ഈ തോട് നികത്തുന്നതിനെതിരെ കൃഷിക്കാരും മറ്റു ജനങ്ങളും ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകിയെങ്കിലും യാതൊരു നടപടികളും ഇക്കാര്യത്തിൽ സ്വീകരിക്കുകയുണ്ടായില്ല. നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പാക്കുന്നതിനുപകരം നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുകയാണ് ഈ ഉദ്യോഗസ്ഥർ ചെയ്തത് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ ഈ തോട് അനധികൃതമായി നികത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കുമെതിരായി ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും ഈ തോട് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഇത് വളരെ വിശദമായ മറുപടിയായതുകൊണ്ട് മുഴുവൻ ഇവിടെ വായിക്കുന്നില്ല. ഇതിനകത്ത് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വില്ലേജ് ഓഫീസർ ഇതിനകം തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മുൻസിഫ് കോടതിയിൽ ഇപ്പോൾ കേസ് നിലനിൽക്കുകയാണ്. അതിനുപുറമേ സബ്ഡിവിഷണൽ മജിസ്ട്രേട്ട് കോടതിയിലും ഇപ്പോൾ കേസുണ്ട്. ബഹുമാനപ്പെട്ട എ. കെ. ചന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ച വിധത്തിൽ അടിയന്തിരമായി നിയമപരമായ നടപടിക്രമങ്ങൾ പാലിക്കണം. തൊട്ടടുത്തുള്ള കൃഷിക്കും മറ്റുള്ളവർക്കും ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കണം. കോടതിയിൽ നിലനിൽക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ആർ.ഡി.ഒ.ക്ക് നിർദ്ദേശം നൽകുന്നതാണ്.

(16) പ്ലസ് ടു സ്കൂളുകൾ

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ പുലിയൂർ, പാണ്ടനാട് പഞ്ചായത്തുകളിൽ സർക്കാർ മേഖലയിലോ സർക്കാർ എയ്ഡഡ് മേഖലയിലോ അൺ എയ്ഡഡ് മേഖലയിലോ ഒരു പ്ലസ് ടു സ്കൂളുപോലും നിലവിലില്ല. ആ പ്രദേശത്തെ വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് നിരവധി പ്രയാസങ്ങൾ അനുഭവിക്കുകയാണ്. ഒരു സ്കൂൾ 1917-ലും മറ്റൊരു സ്കൂൾ 1945-ലും ആരംഭിച്ചതാണ്. പാണ്ടനാട് സ്വാമി വിവേകാനന്ദ ഹൈസ്ക്കൂളിലാണെങ്കിൽ ക്ലാസ്മുറികളും സയൻസ് ലാബുകളും കംപ്യൂട്ടർ ലാബുകളുമടക്കം എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. ഈ പ്രാധാന്യം പരിഗണിച്ചുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ നിലവിൽ പ്ലസ് ടു സ്കൂളുകളില്ലാത്ത പുലിയൂർ-പാണ്ടനാട് പഞ്ചായത്തുകളിൽ പുതിയ പ്ലസ് ടു ബാച്ച് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, കേരളത്തിലെ ഒരു പഞ്ചായത്തിലും പ്ലസ് ടു പഠന സൗകര്യം ഇല്ലാതിരിക്കാൻ പാടില്ല എന്ന നയമാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ആ നയം നടപ്പാക്കാൻ ഒറ്റയടിക്ക് സാധിക്കുകയില്ല എന്നുള്ളത് എല്ലാവരും മനസ്സിലാക്കുമെന്ന് വിചാരിക്കുകയാണ്. ആദ്യഘട്ടമെന്നുള്ള നിലയിൽ തൃശൂർ മുതൽ വടക്കോട്ടുള്ള എല്ലാ ജില്ലകളിലും പ്ലസ് വൺ പഠന സൗകര്യമില്ലാത്ത പഞ്ചായത്തുകളിൽ സാധ്യമായിടത്തോളം കഴിഞ്ഞ 2 വർഷം മുമ്പും ഈ വർഷവുമായി നമ്മൾ പ്ലസ് വൺ പഠന

LIBRARY ARCHIVES Kerala Legislative Assembly